ക്രമ നമ്പർ	വാഹനം	എണ്ണം
1	മിനി വാട്ടർ ടെണ്ടറുകൾ	24
2	എമർജൻസി ടെണ്ടറുകൾ	5
3	സ്കൂബാ സെറ്റുകൾ	18
4	ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്	20
5	ബ്രീത്തിംഗ് അപ്പാരൽസ്	138
6	ഹെൽമറ്റ് വിത്ത് വൈസർ	1994
7	വാക്കിടോക്കി	100
8	ഡെലിവറി ഹോസ് 15 മീറ്റർ നീളമുള്ളത്	1800
9	കമ്പ്യൂട്ടർ	10

കൂടാതെ ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായ പദ്ധതി പ്രകാരം 2010-11-ൽ അനുവദിച്ച തുകയിൽ നീക്കിയിരിപ്പുള്ള 924 ലക്ഷം രൂപ വിനിയോഗിച്ച് ഒരു ഏരിയൽ ലാഡർ പ്ലാറ്റ്ഫോം/ടേൺ ടെമ്പിൾ ലാഡർ വാങ്ങുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ച് അനുവദിച്ചിരിക്കുന്ന തുകയിൽ നീക്കിയിരിപ്പുള്ള 2,63,67,000 രൂപ വിനിയോഗിച്ച് 14 കൃക്ക് റെസ്പോൺസ് വെഹിക്കിൾസ് ഫാബ്രിക്കേറ്റ് ചെയ്യുന്നതിനും 28 കോമ്പി ടൂൾസ് വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അഗ്നിശമന രക്ഷാസേവന വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 2015-16, 2016-17 വർഷങ്ങളിലായി 175.63 കോടി രൂപയുടെ വിവിധങ്ങളായ അൻപതിൽപരം അഗ്നിശമന/രക്ഷാ സേവന ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്.

പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ

268 (2097) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് മാടായിക്കാവിലെ ദേവസ്വം ഭൂമിയിൽ നിന്ന് 50 സെന്റ് സ്ഥലം അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കി ഫയർസ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

GPM. 2/240/2020-43

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി മാടായിപ്പാറയിൽ തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു. നിർദ്ദിഷ്ട സ്ഥലം വകപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. 21-12-2011-ലെ സ.ഉ.(സാധാ) 3764/2011/ ആഭ്യന്തരം ഉത്തരവ് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഫയർസ്റ്റേഷനുകളുടെ പട്ടികയിൽ പഴയങ്ങാടി ഉൾപ്പെട്ടിട്ടില്ല. എങ്കിലും, സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

കൊണ്ടോട്ടിയിൽ പുതിയ ഫയർസ്റ്റേഷൻ

269 (2098) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പ്രയോറിറ്റി ലിസ്റ്റിലുള്ള സ്ഥലങ്ങളിൽ, അവ തുടങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾ എന്തെല്ലാം സൗകര്യങ്ങൾ ചെയ്ത് കൊടുക്കണമെന്ന് വിശദമാക്കുമോ ;

(ബി) കൊണ്ടോട്ടിയിലെ നിർദ്ദിഷ്ട ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് വേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പ്രയോറിറ്റി ലിസ്റ്റിലുള്ള സ്ഥലങ്ങളിൽ ഫയർസ്റ്റേഷൻ തുടങ്ങുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമായും ചുവടെപ്പറയുന്ന സൗകര്യങ്ങൾ ചെയ്യുതരേണ്ടതുണ്ട്:

1. സ്ഥലം കുറഞ്ഞത് 50 സെന്റ്.
2. കെട്ടിടം - 37 ജീവനക്കാർക്കുള്ള താമസ സൗകര്യങ്ങൾ (റെസ്റ്റ് റൂം), സ്റ്റേഷൻ ഓഫീസർക്കുള്ള റൂം, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ റൂം, മെക്കാനിക്ക് റൂം, വാച്ച് റൂം, സ്റ്റോർ മുറി, ക്ലാസ് റൂം, റിക്രിയേഷൻ റൂം, പരേഡ് ഗ്രൗണ്ട്.
3. മിനിമം 5 വാഹനങ്ങളെങ്കിലും ഇടാനുള്ള ഗ്യാരേജ്.
4. വൈദ്യുതി, വെള്ളം.